## ഭക്ഷ്യക്കിറ്റ് പായ്ക്കിങ്ങും, ഉൽപന്നങ്ങൾ നിറയ്ക്കാൻ തുണിസഞ്ചിയും : പത്തനംതിട്ടയിൽ സപ്ളൈകോയ്ക്ക് പിന്തുണ നൽകി കുടുംബശ്രീ

പത്തനംതിട്ട ജില്ലയിൽ സപ്ളൈകോയുടെ വിവിധ ഡിപ്പോകളിൽ ഭക്ഷ്യക്കിറ്റ് പായ്ക്ക് ചെയ്തും ഇതിനാവശ്യമായ തുണിസഞ്ചികൾ നിർമിച്ചു നൽകിയും പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കുടുംബശ്രീ വനിതകളുടെ പങ്കാളിത്തം ശ്രദ്ധേയമാകുന്നു. കോവിഡ്19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന വിവിധ പരിശ്രമങ്ങളുടെ ഭാഗമായി 87 ലക്ഷം കുടുംബങ്ങൾക്കുള്ള സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ഊർജിതമായി മുന്നേറുകയാണ്. ഇതിനോടനുബന്ധിച്ചാണ് ജില്ലയിലും സപ്ളൈകോ ഡിപ്പോകളിൽ ഭക്ഷ്യക്കിറ്റ് തയ്യാറാക്കലും വിതരണവും ദ്രുതഗതിയിൽ നടപ്പാക്കുന്നത്. 250 കുടുംബശ്രീ വനിതകളാണ് ജില്ലയിൽ സപ്ളൈകോയുടെ വിവിധ ഡിപ്പോകളിലായി ഭക്ഷ്യക്കിറ്റ് തയ്യാറാക്കലിൽ സജീവമായിട്ടുള്ളത്.

മല്ലപ്പുഴശ്ശേരി, ഇലന്തൂർ, മെഴുവേലി, കുളനട, ഓമല്ലൂർ, കോഴഞ്ചേരി, ആറൻമുള, ചെന്നീർക്കര, നാരങ്ങാനം, പത്തനംതിട്ട നഗരസഭ, കോന്നി, അരുവാപ്പുലം, പ്രമാടം, മലയാലപ്പുഴ, തണ്ണിത്തോട് എന്നിങ്ങനെ ജില്ലയിൽ പതിനഞ്ച് പഞ്ചായത്തുകളിലായി പതിനാറ് ഡിപ്പോകളാണ് സപ്ളൈകോയുടേതായിട്ടുള്ളത്. ആറൻമുളയിൽ മാത്രം രണ്ട് ഡിപ്പോകളുണ്ട്. ഇപ്രകാരം ജില്ലയിലെ പതിനഞ്ചു പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന സപ്ളൈകോയുടെ പതിനാറ് ഡിപ്പോകളിലാണ് സൗജന്യഭക്ഷ്യക്കിറ്റ് തയ്യാറാക്കുന്നതിനു വേണ്ടി 250 കുടുംബശ്രീ വനിതകളുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്.

ഓരോ പ്രദേശത്തേക്കും ആവശ്യമായ ഭക്ഷ്യ ഉൽപന്നങ്ങൾ സപ്ളൈകോ അതത് പ്രദേശത്തുള്ള ഡിപ്പോകളിലേക്ക് എത്തിക്കും. ഇതിൽ നിന്നും സപ്ളൈകോ അധികൃതരുടെ നിർദേശ പ്രകാരം ആവശ്യമായ അളവുകളിൽ ഉൽപന്നങ്ങൾ പായ്ക്ക് ചെയ്ത് ഓരോ കിറ്റിലും നിറയ്ക്കുകയും മുഴുവൻ ഉൽപന്നങ്ങളും കിറ്റിലുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. സൺഫ്ളവർ ഓയിൽ (ഒരു ലിറ്റർ), ഉപ്പ്(ഒരു കിലോ), വെളിച്ചെണ്ണ(അര ലിറ്റർ), ആട്ട (രണ്ടു കിലോ), റവ (ഒരു കിലോ), ചെറുപയർ(ഒരു കിലോ), കടല(ഒരു കിലോ), പഞ്ചസാര (ഒരു കിലോ), ഉഴുന്നു പരിപ്പ് (ഒരു കിലോ), സാമ്പാർ പരിപ്പ് (കാൽ കിലോ), തേയില (250 ഗ്രാം), മുളകു പൊടി (100 ഗ്രാം), മഞ്ഞൾപ്പൊടി (100 ഗ്രാം), മല്ലിപ്പൊടി(100 ഗ്രാം), ഉലുവ (100 ഗ്രാം), കടുക് (100 ഗ്രാം), സോപ്പ് (2 എണ്ണം) എന്നിങ്ങനെ 17 ഇനം പലവ്യഞ്ജനങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റാണ് കുടുംബശ്രീ വനിതകൾ പായ്ക്ക് ചെയ്ത് വിതരണത്തിന് തയ്യാറാക്കുന്നത്. ജില്ലയിൽ 14 മുതലാണ് കുടുംബശ്രീ വനിതകൾ ഭക്ഷ്യക്കിറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ആരംഭിച്ചത്. എല്ലാ ഡിപ്പോകളിലുമായി ഇതു വരെ 10,000 കിറ്റുകൾ വിതരണത്തിനായി തയ്യാറാക്കി കഴിഞ്ഞു.

ഭക്ഷ്യ ഉൽപന്നങ്ങൾ നിറയ്ക്കുന്നതിനാവശ്യമായ തുണിസഞ്ചി സപ്ളൈകോയുടെ ഡിപ്പോകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഓർഡറും കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. തിരുവല്ല, പറക്കോട് ഡിപ്പോകളിലേക്ക് 25,000 വീതം ആകെ 50,000 തുണിസഞ്ചികൾക്കുള്ള ഓർഡറാണ് ഇതു വരെ ലഭിച്ചത്. ഇതു പ്രകാരം ജില്ലയിൽ കുടുംബശ്രീയുടെ കീഴിലുള്ള 30 തയ്യൽ യൂണിറ്റുകളെ തുണിസഞ്ചി നിർമിക്കുന്നതിനായി സെലക്ട് ചെയ്തു കഴിഞ്ഞു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയനുസരിച്ച് പ്രതിദിനം 10,000 തുണിസഞ്ചികൾ വരെ തയ്ച്ചു നൽകാൻ

ശേഷിയുള്ള യൂണിറ്റുകളാണിത്. സപ്ളൈകോയുടെ ഓർഡർ അനുസരിച്ച് 6000 തുണിസഞ്ചികൾ ഉടൻ തന്നെ നൽകിയിട്ടുണ്ട്. ബാക്കി തുണിസഞ്ചികൾ തയ്ച്ചു പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ ജില്ലാമിഷന്റെ നേതൃത്വത്തിൽ ഊർജിതമായി നടപ്പാക്കി വരികയാണ്. ആവശ്യമെങ്കിൽ കൂടുതൽ യൂണിറ്റുകളെ സജ്ജമാക്കും.